# ഭാരതീയ റിസർവ് ബാങ്ക്

ജൂൺ 09, 2017

## സോവറിൻ ഗോൾഡ് ബോണ്ട് ഡിമെറ്റീരിയലൈസേഷൻ

കേന്ദ്രസർക്കാരുമായി ആലോചിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആകെ 5400 കോടി രൂപക്കുള്ള എട്ടുതരം സോവറിൻ ഗോൾഡ് ബോണ്ടുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഈ ബോണ്ടുകളിൽ നിക്ഷേപിച്ചവർക്കു അവ പേപ്പർ ഡോക്കുമെന്റ് എന്ന രീതിയിലോ ഡീമാറ്റ് രൂപത്തിലോ കൈവശം വയ്ക്കാവുന്നതാണ്.

ഡീമാറ്റു ചെയ്യുവാനുള്ള അപേക്ഷകൾ ഒട്ടുമിക്കവയും ഫലപ്രദമായി പ്രോസസ് ചെയ്തിട്ടുണ്ട്. എന്നാൽ കുറെയെണ്ണം പലകാരണങ്ങളാൽ പ്രോസസ് ചെയ്തു കഴിഞ്ഞിട്ടില്ല. പാൻനമ്പരിലും പേരിലുമുള്ള വ്യത്യാസം, പ്രവർത്തന രഹിതമായതോ ക്ലോസ് ചെയ്തതോ ആയ ഡീമാറ്റ് അക്കൗണ്ടുകൾ എന്നിവയും മറ്റു ചിലതുമായിരുന്നു കാരണം. അപ്രകാരം ഫലപ്രദമാകാത്ത ഡീമാറ്റ് അക്കൗണ്ടുകളുടെ ഒരു ലിസ്റ്റ് https://sovereigngoldbonds.rbi.org.in എന്ന വെബ്സൈറ്റിൽ ഇപ്പോഴുണ്ട്. അവിടെ നൽകിയിട്ടുള്ള വിവരം ട്രഞ്ച് തിരിച്ചും, റിസീംവിംഗ് ഓഫീസിന്റെ പേരുൾപ്പെടുത്തിയും, നിക്ഷേപ ഐഡിയും ഡീമെറ്റീരിയലൈസ് ചെയ്യാതിരിക്കുന്നതിനുള്ള കാരണങ്ങളും കാണിച്ചും ആണ്. നിക്ഷേപ കർക്ക് ഈ വിവരങ്ങൾ പരിശോധിച്ച് തങ്ങളുടെ നിക്ഷേപക ഐഡി ഇതിലുണ്ടോ എന്നു നോക്കാവുന്നതാണ്.

എല്ലാ റിസീവിംഗ് ഓഫീസുകളും തങ്ങളുടെ ഇടപാടുകാരുടെ വിവരങ്ങൾ കണ്ടെത്തി നിക്ഷേപകരുമായി ചർച്ച ചെയ്തു വേണ്ടതിരുത്തലുകൾ വരുത്തേണ്ടതാണ്. ഇതിനുവേണ്ടി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇ-കുബേർ ആപ്ലിക്കേഷന്റെ മോഡിഫിക്കേഷൻ വിൻഡോ തുറന്നുനോക്കാവുന്നതാണ്.

അവശേഷിക്കുന്ന കാര്യങ്ങൾ നിലനിൽക്കെ തന്നെ സോവറിൻ ഗോൾഡ് ബോണ്ട് റിസർവ് ബാങ്കിന്റെ ബുക്കിൽ ഉണ്ടാവുകയും അവ ക്രമാനുസൃതമായി സേവനത്തിനു വിധേയമാകുകയും ചെയ്യുമെന്ന് കൂട്ടിച്ചേർക്കട്ടെ.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

പ്രസ് റിലീസ് **2016-17/3326**